



“അന്യന്റെ അവകാശങ്ങൾക്ക് സ്വന്തം അവകാശങ്ങളേക്കാൾ
പരിഗണന നൽകുമ്പോഴാണ് സാമൂഹ്യപരമായ ഐശ്വര്യവും
രാഷ്ട്രത്തിന്റെ ക്ഷേമവും സാധ്യമാവുന്നത്.”

*മഹാത്മാഗാന്ധി*

# നമ്മുടെ ജനപ്രതിനിധികൾ



**ശ്രീമതി. പ്രിയങ്ക ഗാന്ധി**
**(ബഹു. വയനാട് നിയോജക മണ്ഡലംഎം. പി)**



അഡ്വ. ടി. സിദ്ധീഖ്
(ബഹു. കൽപ്പറ്റനിയോജകമണ്ഡലംഎം.എൽ.എ)



ചന്ദ്രിക കൃഷ്ണൻ
വയനാട് ജില്ലാ പഞ്ചായത്ത്
പ്രസിഡണ്ട്
മെമ്പർ, വൈത്തിരി ഡിവിഷൻ



കെ.കെ ഹനീഫ
കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്
പ്രസിഡണ്ട്
മെമ്പർ, പൊഴുതന ഡിവിഷൻ



വിജേഷ് എം.വി
കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്
മെമ്പർ, പൊഴുതന ഡിവിഷൻ

# ഭരണസമിതി അംഗങ്ങൾ



**അബ്ദുൽ നാസർ കെ**
പ്രസിഡണ്ട്
പൊഴുതന ഗ്രാമപഞ്ചായത്ത്



**സുധ അനിൽ**
വൈസ് പ്രസിഡണ്ട്
പൊഴുതന ഗ്രാമപഞ്ചായത്ത്



**രാജേന്ദ്രൻ എ**
ചെയർമാൻ
വികസന സ്റ്റാന്റിംഗ് കമ്മിറ്റി



**ആരിഷ കെ**
ചെയർപേഴ്സൻ
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി



**കെ.വി രാമൻ**
ചെയർമാൻ
ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി



ജുമൈലത്ത് ഷമീർ
മെമ്പർ, വാർഡ് 1



ടി ഉബൈദ്
മെമ്പർ, വാർഡ് 4



രാജലക്ഷ്മി വി.എസ്
മെമ്പർ, വാർഡ് 5



ലൈല മുരിങ്ങോളി
മെമ്പർ, വാർഡ് 6




വസുമതി എം
മെമ്പർ, വാർഡ് 7



സുബൈദ പരീദ്
മെമ്പർ, വാർഡ് 8



ഗിരിജ ടി
മെമ്പർ, വാർഡ് 9



കെ ജെ ജോൺ
മെമ്പർ, വാർഡ് 10



സാവിറ ആർ.സി
മെമ്പർ, വാർഡ് 11



കെ ജെറീഷ്
മെമ്പർ, വാർഡ് 13


| ഭരണ സമിതി അംഗങ്ങൾ | | | | |
|---|---|---|---|---|
| വാർഡ് | വാർഡിന്റെ പേര് | പേര് | തസ്തിക | ഫോൺ |
| 1 | കുറിച്യർമല | ജുമൈലത്ത് ഷമീർ | മെമ്പർ | 8086673892 |
| 2 | ഇടിയംവയൽ | രാജേന്ദ്രൻ | **ചെയർമാൻ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി** | 7902887520 |
| 3 | വലിയപാറ | ആരിഷ | **ചെയർപേഴ്സൺ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി** | 8157829505 |
| 4 | അച്ചൂർ | ഉബൈദ് | മെമ്പർ | 9961756341 |
| 5 | വയനാംകുന്ന് | രാജലക്ഷ്മി | മെമ്പർ | 6282324932 |
| 6 | കളരിവീട് | ലൈല | മെമ്പർ | 9656319560 |
| 7 | മരവയൽ | വസുമതി | മെമ്പർ | 9946047682 |
| 8 | ചാത്തോത്ത് | സുബൈദ | മെമ്പർ | 9605516690 |
| 9 | അത്തിമൂല | ഗിരിജ | മെമ്പർ | 9747594620 |
| 10 | ആനോത്ത് | ജോൺ | മെമ്പർ | 8075496697 |
| 11 | പൊഴുതന | സാവിറ ആർ സി | മെമ്പർ | 8129870772 |
| 12 | പെരുങ്കോട | അബ്ദുൾ നാസർ | **പ്രസിഡണ്ട്** | 9744478981 |
| 13 | പാറക്കുന്ന് | കെ. ജറീഷ് | മെമ്പർ | 9747520666 |
| 14 | കല്ലൂർ | കെ.വി രാമൻ | **ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി** | 9745985139 |
| 15 | സുഗന്ധഗിരി | സുധ അനിൽ | **വൈസ് പ്രസിഡണ്ട്** | 8943746732 |

# ഗ്രാമ പഞ്ചായത്തിന്റെ പൊതു വിവരങ്ങൾ

| | |
|---|---|
| ഗ്രാമപഞ്ചായത്തിൻറെപേര് | : പൊഴുതന |
| ഇമെയിൽ | : pozhuthanagp@gmail.com |
| വെബ്സൈറ്റ് | : www.lsgkerala.in/pozhuthanapanchayat |
| ഫോൺ | : 04936 255251 – (ഓഫീസ്) |
| | : 9496048340 – പ്രസിഡണ്ട് |
| | : 9496048341 – സെക്രട്ടറി |
| വില്ലേജുകൾ | : അച്ചൂരാനം, പൊഴുതന |
| ജില്ല | : വയനാട് |
| ജില്ലാപഞ്ചായത്ത് | : വയനാട് |
| ജില്ലാപഞ്ചായത്ത്ഡിവിഷനുകൾ | : പൊഴുതന |
| ബ്ലോക്ക്പഞ്ചായത്ത് | : കൽപ്പറ്റ |
| ബ്ലോക്ക്പഞ്ചായത്ത്ഡിവിഷനുകൾ | : പൊഴുതന, വൈത്തിരി |
| വിസ്തീർണ്ണം | : 71.30ച. കി. മീ |
| പാർലമെന്റ് മണ്ഡലം | : വയനാട് |
| അസംബ്ലി മണ്ഡലം | : കൽപ്പറ്റ |

**അതിരുകൾ**

| | |
|---|---|
| വടക്ക് | : തരിയോട്ഗ്രാമപഞ്ചായത്ത് |
| പടിഞ്ഞാറ് | : പുതുപ്പാടിഗ്രാമപഞ്ചായത്ത് (കൊയിലാണ്ടിതാലൂക്ക്) |
| തെക്ക് | : വൈത്തിരിഗ്രാമപഞ്ചായത്ത് |
| കിഴക്ക് | : കൽപ്പറ്റ മുനിസിപ്പാലിറ്റി, വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് |
| വാർഡുകളുടെ എണ്ണം | : 15 |
| സംവരണ വാർഡുകൾ | : 10 (2,3,5,6,7,8,9,11,14,15 എന്നീവാർഡുകൾ) |
| പട്ടികജാതി സംവരണ വാർഡുകൾ | : 1 (വാർഡ് 2) |
| പട്ടികവർഗ്ഗ സംവരണ വാർഡുകൾ | : 2 (1, 5എന്നീവാർഡുകൾ) |
| സ്ത്രീ സംവരണ വാർഡുകൾ | : 8 (3,5,6,7,8,9,11,15) |
| ജനസംഖ്യ | : 18404 |
| പുരുഷൻമാർ | : 8853 |
| സ്ത്രീകൾ | : 9551 |
| പട്ടിക ജാതിക്കാർ | : 1220 |
| പട്ടികവർഗ്ഗ വിഭാഗങ്ങൾ | : 3262 |
| സാക്ഷരത ശതമാനം | : 89.56 |



POZHUTHANA
DISTRICT NAME :WAYANAD
Delimitation Commission, Kerala
Date : 13-10-2025
Kerala
Wayanad
Pozhuthana
76°
11°35'
Thariyode
Vengappally
Kalpetta
Koorachundu
Vythiri
Kattippara
Puthuppady
WARD BOUNDARY
1-KURICHERMALA
2-IDIYAMVAYAL
3-VALIYAPARA
4-ACHOOR
5-VAYANAMKUNNU
6-KALARIVEEDKUNNU
7-MARAVAYAL
8-CHATHOTH
9-ATHIMOOLA
10-ANOTH
11-POZHUTHANA
12-PERINGODA
13-PARAKUNNU
14-KALLOOR
15-SUGANDHAGIRI
LOCALBODY
LOCALBODY
Kilometers
0 0.75 1.5 3 4.5 6
Technology Support : Information Kerala Mission

# ആമുഖം

കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994– ലെ സെക്ഷൻ 214 പ്രകാരം അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള, ശാസ്ത്രീയവും ആധികാരികവുമായ ധനകാര്യ ആസൂത്രണം – ബഡ്ജറ്റ്– തയ്യാറാക്കേണ്ടത് നമ്മുടെ നിയമപരമായ ബാധ്യതയാണ്. ഇന്ത്യയിൽ പഞ്ചായത്ത് രാജ് നിയമവും സംവിധാനങ്ങളുമുണ്ടെങ്കിലും അതിൻറെ ഏറ്റവും മഹത്തായ മാതൃക നിലനിൽക്കുന്നത് കേരളത്തിലാണ്. വികേന്ദ്രീകരിക്കപ്പെട്ടത് കേവലം അധികാരം മാത്രമല്ല സർവ്വ സംവിധാനങ്ങളുമുള്ള പ്രാദേശിക സർക്കാർ എന്ന നിലയിലേക്ക് ഗ്രാമപഞ്ചായത്തുകൾ ഇവിടെ വളർന്നു കഴിഞ്ഞു. ഒരാൾ ജനിക്കുന്നതിനുമുമ്പ് മുതൽ, ജീവിതത്തിലുടനീളവും ജീവിത ശേഷവും ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്ന ജനകീയ ബദലുകളാണ് നമ്മുടെ ഗ്രാമപഞ്ചായത്തുകൾ. ഇന്ന് നമ്മുടെ ഗ്രാമനഗര പ്രദേശങ്ങളിലെ ഏത് ദുരന്തങ്ങളെയും അടിയന്തിര സാഹചര്യങ്ങളേയും കൈകാര്യം ചെയ്ത് ജനങ്ങൾക്കാശ്വാസം നൽകുന്നത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളാണ്. അതുകൊണ്ട് തന്നെ നമ്മുടെ രാഷ്ട്ര പിതാവ് മഹാത്മാഗാന്ധി പറഞ്ഞതുപോലെ ഏറ്റവും അവസാനത്തെ ദരിദ്രനെ കണ്ടുകൊണ്ടാവണം നമ്മുടെ വികസനപ്രവർത്തനങ്ങൾക്ക് രൂപം നൽകാൻ എന്ന കാഴ്ച്ചപ്പാടിൻറെ അടിസ്ഥാനത്തിലാണ് ഈ ബഡ്ജറ്റ് നിർദ്ദേശങ്ങൾ മുന്നോട്ട് വെക്കുന്നത്.

2025 ൽ പുതുതായി അധികാരമേറ്റെടുത്ത പൊഴുതന ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ ആദ്യത്തെ ബജറ്റാണ് ഇന്ന് ഇവിടെ അവതരിപ്പിക്കുന്നത്.

സേവന കാര്യക്ഷമതയിൽ അന്താരാഷ്ട്ര സാക്ഷ്യപത്രമായ ഐഎസ്ഒ സർട്ടിഫിക്കേഷൻ നിലനിർത്തി വരുന്നത് വളരെ അഭിമാനകരമാണ്. മുൻ വർഷങ്ങളിലേതും തനത് വർഷത്തെയും ചുമത്തിയ നികുതികൾ മുഴുവൻ പിരിച്ചെടുക്കുന്നതിനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. തനത് വരുമാനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായി എന്നത് എടുത്തു പറയേണ്ട കാര്യം തന്നെയാണ്.

പ്രകൃതി ദുരന്തങ്ങൾ വയനാട് ജില്ലയെയും പൊഴുതന ഗ്രാമപഞ്ചായത്തിനെയും സംബന്ധിച്ചിടത്തോളം പ്രതിസന്ധികളുടെ നാളുകളായിരുന്നു കഴിഞ്ഞ്പോയത് . 2018 ന് ശേഷമുള്ള ഓരോ വർഷവും മലയാളികൾക്ക് മറക്കുവാൻ കഴിയാത്തതാണ്. പ്രത്യേകിച്ച് 2024 എന്ന വർഷം വയനാട് ജില്ലക്കും പൊഴുതന ഗ്രാമപഞ്ചായത്തിനും ഏറെ നഷ്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള സന്ദർഭങ്ങളിൽ എല്ലാം നമ്മൾ ഒറ്റക്കെട്ടായി പ്രതിസന്ധിയെ തരണം ചെയ്തു എന്നതിൽ നമുക്ക് അഭിമാനിക്കാം.

വികസന ക്ഷേമ പദ്ധതികൾ നന്നായി നടപ്പിലാക്കുന്നതിന് വ്യക്തമായ കാഴ്ചപ്പാടും ലക്ഷ്യവും സമയക്രമവും അശ്രാന്ത പരിശ്രമവും കൂടിച്ചേരേണ്ടതുണ്ട്. അതിനായുള്ള ലക്ഷ്യവും കാഴ്ചപ്പാടും ഈ ബജറ്റിലൂടെ വ്യക്തമാക്കുകയാണ്.

വികസനം സാധാരണ ജനങ്ങൾക്ക് അനുഭവവേദ്യമാകുമ്പോളാണ് ഒരു ഭരണസംവിധാനം വിജയിച്ചു എന്ന് വിലയിരുത്തപ്പെടുന്നത്. പൊഴുതന ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സാമൂഹിക വ്യവസ്ഥിതിയിലും ജീവിതസാഹചര്യങ്ങളിലും മെച്ചപ്പെട്ട മാറ്റം ഉണ്ടാക്കുവാൻ കഴിയുമെന്ന കാഴ്ചപ്പാടിലൂന്നിയുള്ള വികസന സങ്കൽപ്പമാണ് പ്രാദേശിക സർക്കാർ എന്ന നിലയിൽ ഗ്രാമപഞ്ചായത്തിന് മുന്നോട്ടുവെക്കുവാനുള്ളത്. നിലവിലുള്ള വിഭവസ്രോതസ്സിൻറെ പരിമിതിയിൽ നിന്നുകൊണ്ട് പരമാവധി വികസനം എന്ന കാഴ്ചപ്പാടാണ് പഞ്ചായത്ത് ഭരണസമിതിക്കുള്ളത്.

ജനങ്ങളുടെ പ്രാഥമികാവശ്യങ്ങളാണ് ഭവനം, കുടിവെള്ളം, വൈദ്യുതി,ആരോഗ്യം എന്നിവ. ഭവനരഹിതരായ നിരവധി പേർക്ക് ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതിയിലൂടെ വീട് നൽകാൻ കഴിഞ്ഞിട്ടുണ്ട്. വികസനഫണ്ടിൻറെ പ്രധാനഭാഗം ഭവന പദ്ധതിയിലെ ബാക്കിയുള്ളവർക്കായി നീക്കിവെച്ചിട്ടുണ്ട്.

പ്രകൃതിക്ഷോഭങ്ങൾ തുടർച്ചയായിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് പ്രകൃതിയെ മറന്നുള്ള വികസനം അർത്ഥവത്താകില്ല. കാലാവസ്ഥ പോലും സമയക്രമം തെറ്റി വരുന്നത് നമുക്കുള്ള മുന്നറിയിപ്പായി കണക്കാക്കാം. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പാരിസ്ഥിതിക സൌഹൃദ വികസന പരിപാടികൾ ഏറ്റെടുത്ത് നടത്തുന്നതിന് നാം ലക്ഷ്യമിടുകയാണ്.

സർക്കാർ ലഭ്യമാക്കുന്ന വികസനഫണ്ട് തന്നെയാണ് നമ്മുടെ പ്രധാന വിഭവ സ്രോതസ്സ്. നമ്മുടെ തനത് വരുമാനം കുറച്ച്കൂടി മെച്ചപ്പെടുത്തുന്നതിനുള്ള ചില നിർദ്ദേശങ്ങളും ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ലഭ്യമാകുന്ന ധനസ്രോതസ്സുകളെ കുറിച്ച് വിശദമായി ബജറ്റ് അവതരണത്തിൽ സൂചിപ്പിക്കുന്നതാണ്.

2026–27 സാമ്പത്തിക വർഷത്തേക്ക് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന വിഭവങ്ങൾ യുക്തിസഹമായി വകയിരുത്തി ഗ്രാമപഞ്ചായത്തിൻറെ സമഗ്ര പുരോഗതിയും ജനക്ഷേമവും മുൻനിർത്തിയാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. വിഭവ സമാഹരണത്തിന് കാര്യക്ഷമമായ മാർഗ്ഗങ്ങൾ ഈ ബജറ്റിൻറെ ഭാഗമാക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്.

ബജറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കും ഫലപ്രാപ്തിയോടെയുള്ള പദ്ധതി നടത്തിപ്പിനും എല്ലാ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പൊതുജനങ്ങളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. കെ സ്മാർട്ട് മുഖേന ബജറ്റ് തയ്യാറാക്കിയ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയെ പ്രത്യേകം അഭിനന്ദിക്കുന്നു. നമ്മുടെ കൂട്ടായ പ്രവർത്തനം വഴി ഈ ബജറ്റ് വിഭാവനം ചെയ്യുന്ന വികസന കാഴ്ച്ചപ്പാട് പ്രാവർത്തികമാക്കുന്നതിന് എല്ലാവരുടേയും സഹകരണം അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഒപ്പ്
അബ്ദുൽ നാസർ
പ്രസിഡണ്ട്
പൊഴുതന ഗ്രാമപഞ്ചായത്ത്

# പൊഴുതന ഗ്രാമ പഞ്ചായത്ത്

# ബജറ്റ് 2026-27

ബഹുമാന്യരെ,

പൊഴുതന ഗ്രാമ പഞ്ചായത്തിൻറെ സമഗ്ര വികസനം ലക്ഷ്യമിട്ട് കൊണ്ട് ജനകീയ ഐക്യത്തോടെ മുന്നോട്ട് പോകുന്നതിനും വികസന സ്വപ്നങ്ങൾ പൂർത്തീകരിക്കാനും പുതിയ മുന്നേറ്റത്തിനുമായി പൊഴുതന ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ.അബ്ദുൽ നാസർ കാതിരിയുടെ നേതൃത്ത്വത്തിലുള്ള ഈ പുതിയ ഭരണസമിതിയുടെ ഒന്നാം വർഷത്തെ ആദ്യ ബഡ്ജറ്റാണ് അഭിമാനപൂർവ്വം ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. ഈ ഭരണസമിതിയുടെ കാലയളവിൽ പൂർണ്ണമായും നിർവ്വഹണം നടത്താൻ കഴിയുന്ന വാർഷിക പദ്ധതിയാണ് 2026-27 വർഷത്തേത്. കഴിഞ്ഞ കാലയളവിൽ നാം നേടിയെടുത്ത നേട്ടങ്ങൾ ഉറപ്പിച്ച് നിർത്തുന്നതിനും വികസനത്തിൻറെ പുതിയ മേഖലകളിലേക്ക് പഞ്ചായത്തിനെ നയിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളാണ് ഈ ബഡ്ജറ്റിൽ ഉൾചേർത്തിരിക്കുന്നത്. 73-ാം ഭരണഘടനാ ഭേദഗതിയോടെ നമുക്ക് ലഭ്യമായ അനുകൂല സാഹചര്യം ഉപയോഗപ്പെടുത്തി നടപ്പിലാക്കിയ ജനകീയാസൂത്രണപദ്ധതി ലോകത്തിന് മുന്നിൽ തന്നെ സമാനകളില്ലാത്ത ഒരു മാതൃകയാണ്. 73-ാം ഭരണഘടനാ ഭേദഗതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ ആവശ്യമായ നിയമനിർമ്മാണം സംസ്ഥാനങ്ങൾ നടത്തണം എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിൽ പഞ്ചായത്ത് രാജ് നിയമവും സംവിധാനങ്ങളുമുണ്ടെങ്കിലും അതിൻറെ ഏറ്റവും മഹത്തായ മാതൃക നിലനിൽക്കുന്നത് കേരളത്തിലാണ്. വികേന്ദ്രീകരിക്കപ്പെട്ടത് കേവലം അധികാരം മാത്രമല്ല സർവ്വ സംവിധാനങ്ങളുമുള്ള പ്രാദേശിക സർക്കാർ എന്ന നിലയിലേക്ക് ഗ്രാമപഞ്ചായത്തുകൾ ഇവിടെ വളർന്നു കഴിഞ്ഞു. ഒരാൾ ജനിക്കുന്നതിനുമുമ്പ് മുതൽ, ജീവിതത്തിലുടനീളവും ജീവിത ശേഷവും ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്ന ജനകീയ ബദലുകളാണ് നമ്മുടെ ഗ്രാമപഞ്ചായത്തുകൾ. ഇന്ന് നമ്മുടെ ഗ്രാമനഗര പ്രദേശങ്ങളിലെ ഏത് അടിയന്തിര സാഹചര്യങ്ങളേയും കൈകാര്യം ചെയ്ത് ജനങ്ങൾക്കാശ്വാസം നൽകുന്നത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളാണ്.

വികസനം ഗ്രാമത്തിൻറെ വഴികളിലൂടെ മനുഷ്യരിലേക്കും സമൂഹമൊന്നാകെയും പടരാനുള്ള പഞ്ചായത്ത് രാജ് എന്ന ത്രിതല സംവിധാനം ഭരണഘടനയുടെ 73ാ-ം ഭേദഗതിയിലൂടെ രാജ്യത്തിൻറെ മുഖച്ഛായ മാറ്റി. മണ്ണും വെള്ളവും മനുഷ്യനും സമൂഹമാകെയും ഒരേകണ്ണിയിൽ കോർത്ത് മുന്നോട്ട് നീങ്ങുന്നതാണ് ജനാധിപത്യകേരളത്തിൻറെ വികസനം.

വയനാട് ജില്ലയിൽ തന്നെ ഏറ്റവും വരുമാനം കുറഞ്ഞ പഞ്ചായത്തുകളിൽ ഒന്നാണ് നമ്മുടേത്. നമ്മുടെ ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് പുതിയ വരുമാന സ്രോതസ്സുകൾ നമ്മൾ കാണേണ്ടതുണ്ട്. ആയതിൻറെ ഭാഗമായി അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾക്ക് പിഴ ഈടാക്കുക, ക്രമവത്കരണം നടത്തുക, നിലവിലുള്ള കെട്ടിടങ്ങളിൽ ഘടനാമാറ്റങ്ങൾ കൂട്ടിച്ചേർക്കലുകൾ എന്നിവ പരിശോധിച്ച് നിയമാനുസൃത നികുതി ചുമത്തുക, മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും ലൈസൻസ് നിർബന്ധമാക്കുക, പുതിയ ചട്ടമനുസരിച്ചുള്ള

ലൈസൻസ് ഫീസ് ഈടാക്കുക, തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ തനത് വരുമാനം വർദ്ധിപ്പിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ഈ ബഡ്ജറ്റിലൂടെ ലക്ഷ്യമിടുന്നു. ഇങ്ങനെ കണ്ടെത്തുന്ന വരുമാനം നമ്മുടെ പ്രദേശത്തിൻറെ വികസനത്തിന് ഉപയോഗിക്കാൻ കഴിയണം. വരുമാനം മാത്രമല്ല നമ്മുടെ പ്രദേശത്തിൻറെ തനതായ സാധ്യതകളും കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി തുടങ്ങി മനുഷ്യവിഭവശേഷിയും നമ്മുടെ ക്ഷേമപ്രവർത്തനങ്ങളിലേക്ക് കണ്ണി ചേർക്കേണ്ടതാണ്.

പ്രാരംഭബാക്കി ഉൾപ്പെടെ 44,52,06,497/- രൂപയുടെ വരവും 43,97,44,933/- രൂപയുടെ ചെലവും 54,61,564/- രൂപയുടെ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബജറ്റാണ് ഞാൻ അവതരിപ്പിക്കുന്നത്.

ഗ്രാമ പഞ്ചായത്തിൻറെ സമഗ്രമായ വികസനം സാമ്പത്തിക സാമൂഹിക മേഖലകളിൽ ജനങ്ങളുടെ ഉന്നമനം എന്നിവ ലക്ഷ്യമാക്കിക്കൊണ്ട് പഞ്ചായത്തിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങളും കടമകളും നിർവ്വഹിക്കുകയും ഏറ്റവും വേഗത്തിൽ പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നതിലൂടെ പൊഴുതന ഗ്രാമപഞ്ചായത്തിനെ മികവുറ്റതാക്കുന്നതിന് ഒത്തൊരുമയോടെ പ്രവർത്തിക്കുക എന്നതാണ് നമ്മുടെ നയം.

## കാർഷിക മേഖലയും മൃഗ സംരക്ഷണവും (ഉൽപ്പാദന മേഖല)

മനുഷ്യൻ ഒരിടത്ത് സ്ഥിരമായി താമസിക്കാൻ തുടങ്ങിയത് കൃഷി ആരംഭിച്ചതോടു കൂടിയാണ്. നമ്മുടെ ജീവിതത്തിന് ആവശ്യമായതെല്ലാം നാം നിറവേറ്റിയിരുന്നത് കൃഷിയിലൂടെയാണ്. കൃഷി നമുക്ക് ഉപജീവനമാർഗം മാത്രമായിരുന്നില്ല, സംസ്കാരവുമായിരുന്നു. നമ്മുടെ പ്രധാന ആഘോഷങ്ങളും നാടൻകലാരൂപങ്ങളുമെല്ലാം കൃഷിയുമായി ബന്ധപ്പെട്ടതാണ്. കൃഷി ദൈവികമായ ഒരു പ്രവൃത്തിയായിട്ടാണ് പണ്ടത്തെ മനുഷ്യർ കണ്ടിരുന്നത്. നമ്മുടെ മണ്ണിനും കാലാവസ്ഥയ്ക്കും അനുസരിച്ചുള്ള കൃഷിരീതിയാണ് നമ്മുടെ നാട്ടിൽ നിലനിന്നിരുന്നത്. ഭക്ഷണം മാത്രമല്ല, കായികാധ്വാനത്തിലൂടെ ആരോഗ്യവും ആനന്ദവും കൃഷിയിൽനിന്നും അവർ അനുഭവിച്ചു. വിളവെടുപ്പ് നാടിന്റെ ഉത്സവംതന്നെയായിരുന്നു.

എന്നാൽ ശാസ്ത്രസാങ്കേതികവിദ്യ പുരോഗമിച്ചതോടെ കൃഷിയിലും വലിയ മാറ്റങ്ങൾ വന്നു. കാളയും കലപ്പയും ഉപയോഗിച്ച് നിലമുഴുതിരുന്ന സ്ഥാനത്ത് ഇന്ന് ട്രാക്ടറാണ് ഉപയോഗിക്കുന്നത്. ജലസേചനത്തിനുവേണ്ടി ഉപയോഗിച്ചിരുന്ന ചക്രങ്ങളുടെ സ്ഥാനത്ത് പമ്പുസെറ്റുകൾ ഉപയോഗിക്കുന്നു. ഞാറുനടീലും കൊയ്ത്തുമെല്ലാം ഇന്ന് യന്ത്രത്തിന്റെ സഹായത്താൽത്തന്നെ. ഒരു പരിധിവരെ ഈ യന്ത്രസംവിധാനങ്ങൾ നമുക്ക് പ്രയോജനപ്രദമാണ്. പക്ഷേ മനുഷ്യന്റെ കായികാധ്വാനത്തെ ഇത് കുറയ്ക്കുകയും കൃഷിയെന്ന കലയുടെ സൗന്ദര്യത്തെ നഷ്ടപ്പെടുത്തുകയും ചെയ്തു. മറ്റൊന്ന് കീടനാശിനികളുടെയും രാസവളങ്ങളുടെയും അമിതമായ ഉപയോഗമാണ്. കുറച്ചു സ്ഥലത്തുനിന്നും കൂടുതൽ വിളവു ലഭിക്കാൻവേണ്ടി മനുഷ്യർ ഉപയോഗിക്കുന്ന പല രാസവളങ്ങളും പ്രകൃതിക്കും മനുഷ്യർക്കും ദോഷംചെയ്യുന്നതാണ്. മാരകവിഷമടങ്ങിയ കീടനാശിനികൾ ഉപയോഗിക്കുന്നതുമൂലം പലതരം രോഗങ്ങൾ നമ്മെ പിടികൂടുന്നു. പുതിയ തലമുറയ്ക്ക് കൃഷിയോടുള്ള താൽപ്പര്യം കുറഞ്ഞുവരുന്നതാണ് കാർഷികമേഖല നേരിടുന്ന മറ്റൊരു പ്രശ്നം. കൃഷി ലാഭകരമല്ലെന്ന തോന്നൽ ചെറുപ്പക്കാരെ കൃഷിയിൽനിന്ന് അകറ്റുന്നു. കൃഷിഭൂമി നികത്തി കെട്ടിടങ്ങളും വ്യവസായശാലകളും പണിയുന്നു. ഇത് നമ്മുടെ നിലനിൽപ്പിനെത്തന്നെ

ദോഷകരമായി ബാധിച്ചേക്കാം. അതിനാൽ കൃഷിയെ സ്നേഹിക്കുന്ന ഒരു തലമുറയെയാണ് നമുക്ക് ആവശ്യം. മനുഷ്യരാശിയുടെ നിലനിൽപ്പിന് കൃഷി കൂടിയേ തീരൂ എന്ന് ബോധ്യമുള്ളവരായി മാറാനും അതനുസരിച്ച് പ്രവർത്തിക്കാനുമാണ് നാം ശ്രമിക്കേണ്ടത്. ഈ മനോഭാവമുള്ള ആളുകളുടെ എണ്ണം ഇപ്പോൾ നമ്മുടെ നാട്ടിൽ കൂടിവരുന്നുണ്ടെന്നത് ആശ്വാസം നൽകുന്ന കാര്യമാണ്.

കാർഷിക മേഖലയാണ് ഏതൊരു ഗ്രാമ പ്രദേശത്തിൻറെയും സാമ്പത്തിക ചലനത്തിന് വഴിവെക്കുന്നത്. കാർഷിക മേഖലയിലെ കുതിപ്പും കിതപ്പും ആ ഗ്രാമ പ്രദേശത്തിൻറെ സാമ്പത്തിക തലത്തിൽ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. കൂടുതൽ പേരും കാർഷിക മേഖലയെ ആശ്രയിച്ച് കഴിയുന്ന നമ്മുടെ ഗ്രാമ പ്രദേശത്തിൻറെ ശരിയായ സാമ്പത്തിക വികസനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നു.നെല്ല് സ്ഥിരം കൃഷി,കുമ്മായ വിതരണം,തരിശ് പച്ചക്കറി കൃഷി,പച്ചക്കറി തൈ വിതരണം,സ്കൂളുകളിൽ പച്ചക്കറി തൈ വിതരണം തുടങ്ങിയ പദ്ധതികൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്.

മൃഗസംരക്ഷണ മേഖലയിൽ പശു വളർത്തൽ,എ ബി സി പ്രോഗ്രാം, കറവപ്പശു വിതരണം, ധാതു ലവണ മിശ്രിതം വിതരണം, കഫവപ്പശുക്കൾക്ക് കാലിത്തീറ്റ,കോഴി വിതരണം,ആട് വളർത്തൽ തുടങ്ങിയ പദ്ധതികളും ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ മൽസ്യ മേഖലയിൽ മുറ്റത്തൊരു മീൻതോട്ടം പദ്ധതിയും ക്ഷീര മേഖലയിൽ പാലിന് സബ്സിഡി നൽകുന്നതിനുള്ള പദ്ധതിയും ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്തിരിക്കുകയാണ്. ആയതുകൊണ്ട് കാർഷിക മേഖലക്കും മൃഗസംരക്ഷണത്തിനും മറ്റ് ഉൽപാദന മേഖലകളിലുമുള്ള സമഗ്ര വികസനത്തിനായുള്ള പദ്ധതികൾക്ക് ഈ ബജറ്റിൽ 1,13,24,333/- (ഒരു കോടി പതിമൂന്ന് ലക്ഷത്തി ഇരുപത്തി നാലായിരത്തി മുന്നൂറ്റി മുപ്പത്തി മൂന്ന് രൂപ) രൂപ വകയിരുത്തുന്നു.

പ്രാദേശകി സാമ്പത്തിക വികസന അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നത് ലക്ഷ്യമിട്ട്കൊണ്ട് പൊഴുതന കോൺക്ലവ് എന്ന ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും പദ്ധതി ഏറ്റെടുത്തിട്ടുണ്ട്.

**പാർപ്പിടം**

ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നാണ് ഭവനം. ഇന്ത്യൻ ഭരണഘടനയിലെ നിർദ്ദേശക തത്ത്വങ്ങളിൽ ശരിയായ പാർപ്പിടം ഉറപ്പു നൽകിയിട്ടുള്ളതാണ് . ഭവന നിർമ്മാണം ഉൾപ്പെടെയുള്ള സാമൂഹിക സംരംഭങ്ങളിൽ ചരിത്രപരമായിത്തന്നെ കേരളം മുന്നിട്ടു നിൽക്കുന്നുണ്ട്. 1970-കളുടെ തുടക്കത്തിൽ തന്നെ കേരളം 100000 കുടുംബങ്ങൾക്കുവേണ്ടിയുള്ള ഒരു ബൃഹത്തായ ഭവന നിർമ്മാണ പദ്ധതി കൊണ്ടു വരികയും അതിനെ പാർപ്പിട മേഖലയിലെ മാർഗ്ഗദർശിയായ ഒരു പദ്ധതിയായി ആഹ്വാനം ചെയ്യുകയും ചെയ്തു. അതുമുതൽ ഓരോ കുടുബങ്ങൾക്കും പാർപ്പിടം ഉറപ്പുവരുത്തുക എന്ന ഭവന നിർമ്മാണ നയം കേരളത്തിലെ ഓരോ സർക്കാരുകളും പിന്തുടർന്നു പോന്നിരുന്നു. കേരളത്തിലെ ഭവന നിർമ്മാണ സാഹചര്യം ഇന്ത്യയിലെ മറ്റു സ്ഥലങ്ങളെ അപേക്ഷിച്ച് ബഹുദൂരം മുന്നിലാണ് എങ്കിലും ഇവിടത്തെ ജനസംഖ്യയിലെ ഒരു മുഖ്യഭാഗം മതിയായ പാർപ്പിട സൗകര്യമില്ലായ്മ എന്ന പ്രശ്നം നേരിട്ടു വരുന്നുണ്ട്. ഇപ്പോൾ പാർപ്പിടമില്ലായ്മ പ്രത്യേകിച്ച് ഭൂരഹിതരും ഗുണമേന്മയില്ലാത്ത

പഴകിപ്പൊളിഞ്ഞ വീടുകളുള്ളവരുമായ സമൂഹത്തിന്റെ താഴേത്തട്ടിലുള്ളവരുടെ പ്രശ്നങ്ങളാണ് കേരളത്തിലെ ഭവന നിർമ്മാണ മേഖല അഭിമുഖീകരിക്കുന്നത്.

2011- ലെ പാർപ്പിട സെൻസസ് പ്രകാരം കേരളത്തിൽ ഓരോ 1000 പേർക്കും 336 വീടുകൾ വീതമുണ്ട്. (ഇന്ത്യയിലിത് 1000 പേർക്ക് 273 വീടുകളാണ്). ഓരോ വീടുകളുടേയും വലുപ്പവും ഗുണമേന്മയും ഇന്ത്യയിൽ ആകമാനമുള്ളതിനേക്കാൾ വളരെ മുന്നിലാണ്. ഇവിടെ മൂന്നിൽ രണ്ടിലേറെ കുടുംബങ്ങൾ ഗുണമേന്മയുള്ള വീടുകളിലാണ് തമസിക്കുന്നത്, എന്നാലിതിന്റെ ഇന്ത്യൻ ശരാശരി 53.1 ശതമാനമാണ്. എന്നിരുന്നാലും കേരളത്തിലെ ഓരോ വീടിനുമുള്ള നിർമ്മാണച്ചെലവിന്റെ ശരാശരി ഇന്ത്യയിലാകമാനമുള്ളതിന്റെ നാലിരട്ടി കൂടുതലാണ്. ഏറ്റവും പുതിയ പാർപ്പിട സെൻസസിലും കേരളത്തിലെ ആകെ വീടുകളിൽ 10.6 ശതമാനവും ആളൊഴിഞ്ഞു കിടക്കുന്നതായാണ് കാണിക്കുന്നത്. പക്ഷേ, അതേ സമയം സമൂഹത്തിലെ പ്രബലമല്ലാത്ത പാവപ്പെട്ട മേഖലകളിലെ കുടുംബങ്ങളിൽ ഭൂരിഭാഗം പേർക്കും ഇപ്പോഴും ഉചിതമായ പാർപ്പിട സൌകര്യമില്ല. അവഗണിക്കപ്പെട്ട സാമൂഹ്യ ഗണങ്ങളുടെ ഇടയിൽ നിലനിൽക്കുന്ന ഭവന നിർമ്മാണ അസമത്വങ്ങളിൽ നമ്മുടെ സംസ്ഥാനം മുന്നിലാണു താനും.

പന്ത്രണ്ടാം പദ്ധതികാലയളവിലെ അവസാനത്തിൽ ഉയർന്ന ജീവിത നിലവാരം, ആരോഗ്യകരമായ ചുറ്റുപാട്, അടിസ്ഥാന സൌകര്യ വികസനം എന്നിവ ഉറപ്പാക്കുന്ന വിവിധങ്ങളായ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് സാമ്പത്തിക ദുർബ്ബല വിഭാഗങ്ങൾക്കും താഴ്ന്നവരുമാനക്കാർക്കും നിലവാരമുള്ള ഭവന നിർമ്മാണ സേവനങ്ങൾ നൽകുന്നതിലൂടെ 'എല്ലാവർക്കും അനുയോജ്യവും താങ്ങാനാവുന്നതുമായ ഭവനം' ഉറപ്പ് വരുത്തുക എന്നതാണ്. പരിശീലനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ തുടങ്ങി എല്ലാ അടിസ്ഥാന സൌകര്യങ്ങളും ഒരുമിച്ച് നൽകുന്ന ഒരു സമഗ്ര ഭവന നിർമ്മാണ പദ്ധതിയിലൂടെ ഭൂരഹിത-ഭവന രഹിതർക്കായി ഒരു സമ്പൂർണ്ണ പുനരധിവാസ പദ്ധതിയാണ് ലൈഫ് മിഷൻ.

ഏതൊരു മനുഷ്യൻറെയും ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹം എന്നത് സ്വന്തമായി ഒരു വീട് ഉണ്ടാവുക എന്നതാണ്. മനുഷ്യൻറെ പ്രാഥമിക ആവശ്യങ്ങളായ ഭക്ഷണം,പാർപ്പിടം,വസ്ത്രം എന്നിവ മുഴുവൻ ആളുകൾക്കും ക്ലേശലേശമന്യേ പ്രാപ്തമാക്കുക എന്നുള്ളതാണ് വളർച്ചയുടേയും പുരോഗതിയുടേയും മാനദണ്ഡം. പൊഴുതന ഗ്രാമ പഞ്ചായത്ത് ലൈഫ് ഭവന പദ്ധതിയിൽ 2025-26 വർഷത്തിൽ നാളിതുവരെ പട്ടികജാതി വിഭാഗത്തിൽ 12 വീടുകളും, പട്ടിക വർഗ്ഗ വിഭാഗത്തിൽ 4 വീടുകളും ജനറൽ വിഭാഗത്തിൽ 171 വീടുകളും നൽകിയിട്ടുണ്ട്. കൂടാതെ എസ് സി,എസ് ടി,ജനറൽ വിഭാഗത്തിൽ ലൈഫ് ഭവന പദ്ധതിയിൽ അപേക്ഷ നൽകി അർഹരായ എല്ലാ ഗുണഭോക്താക്കളും ഗ്രാമ പഞ്ചായത്തുമായി കരാറിലേർപ്പെട്ട് നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരുന്നു.2026-27 വർഷത്തിൽ ഭൂരഹിത ഭവന രഹിതർക്ക് ഭൂമി കണ്ടെത്തി ഭവന നിർമ്മാണത്തിന് ആനുകൂല്യം അനുവദിക്കുന്നതാണ്. 2026-27 വർഷം ലൈഫ്, PMAY പദ്ധതികൾക്കായി 12 കോടി 34 ലക്ഷം രൂപ വകയിരുത്തുന്നു.

## വിദ്യാഭ്യാസ മേഖല

കാലത്തിന്റെയും ദേശത്തിന്റെയും മാറിവരുന്ന അഭിരുചികൾക്കും അവബോധങ്ങൾക്കുമനുസരിച്ച് നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടാണ് വിദ്യാഭ്യാസം വളരുന്നത്. കഴിഞ്ഞ ദശകങ്ങളിൽ കേരളം ഒട്ടേറെ വിദ്യാഭ്യാസ പരിഷ്കാരങ്ങൾക്കു സാക്ഷ്യം വഹിക്കുകയുണ്ടായി. അതാത് കാലത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് തലമുറകളെ സജ്ജമാക്കുകയാണ് ഭൗതിക വിദ്യാഭ്യാസത്തിന്റെ ആത്യന്തികമായ പ്രായോഗിക ലക്ഷ്യം എന്നതിനാൽ കാലോചിതമായ പരിഷ്കരണങ്ങൾ അനിവാര്യമാകുന്നു. കുട്ടിയുടെ അറിവ്, കഴിവ്, മനോഭാവം, മൂല്യബോധം ഇവയെയെല്ലാം വിദ്യാഭ്യാസം സമഗ്രമായി സ്വാധീനിക്കുന്നു. മനോഭാവവും മൂല്യബോധവും ഏറെക്കുറെ സ്ഥിര സ്വഭാവം പുലർത്തുന്നുവെന്നു പറയാം. എന്നാൽ അറിവ് അനുക്ഷണം വികസിച്ചുകൊണ്ടിരിക്കുകയാണ്. പഴയ അറിവുകൾ തിരുത്തപ്പെടുകയോ പൂർണമാക്കപ്പെടുകയോ ചെയ്യുന്നു. ഓരോ കാലവും വിദ്യാർത്ഥിയിൽ നിന്നാവശ്യപ്പെടുന്ന കഴിവുകൾ വ്യത്യസ്തമാണ്. കഴിഞ്ഞ തലമുറയ്ക്ക് കമ്പ്യൂട്ടർ പരിജ്ഞാനം ആവശ്യമായിരുന്നില്ല. പുതിയ തലമുറയിലെ കമ്പ്യൂട്ടററിയാത്തവർ നിരക്ഷരരായാണ് പരിഗണിക്കപ്പെടുന്നത്. ചുരുക്കത്തിൽ വിദ്യഭ്യാസം തടാകം പോലെ നിശ്ചലമായി നിലകൊള്ളേണ്ടതല്ല; പ്രത്യുത പുഴ പോലെ നിരന്തരം ഒഴുകിക്കൊണ്ടിരിക്കേണ്ടതാണ്. കേരളത്തിന്റെ സമകാലീന വിദ്യാഭ്യാസ ചരിത്രം ഈ ചലനാത്മകതയെ അടയാളപ്പെടുത്തുന്നു എന്നത് അഭിമാനാർഹമായ സംഗതിയാണ്,

വിദ്യാഭ്യാസ മേഖലയിൽ നമ്മുടെ സംസ്ഥാനം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മുന്നിലാണ്. വിദ്യാഭ്യാസമുള്ള ജനത നാടിൻറെ സമ്പത്താണ്. സാമൂഹിക സാംസ്കാരിക മേഖലകളിലെ വളർച്ചക്ക് വിദ്യാഭ്യാസം അനിവാര്യ ഘടകമാണ്. ഒരു വ്യക്തിയുടെ ജീവിതത്തെ സ്വാധീനിക്കുന്നത് ചെറുപ്പകാലത്തെ ജീവിതാനുഭവങ്ങളാണ്. ആയതുകൊണ്ട് തന്നെ ചെറിയ കുട്ടികളുടെ വിദ്യാഭ്യാസത്തിനെ ഏറെ പ്രാധാന്യമുണ്ട്. പട്ടിക വർഗ്ഗ മേഖലയിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് ഇത് വരെ പൂർണ്ണമായും പരിഹരിക്കാൻ സാധിച്ചിട്ടില്ല എന്നത് നാം വളരെ ഗൌരവത്തോടെ ആലോചിക്കേണ്ട വിഷയമാണ്. നമ്മുടെ ഗ്രാമത്തിലെ അംഗണവാടികളും എൽ.പി യുപി സ്കൂളുകളും ഉന്നതനിലവാരത്തിലേക്ക് ഉയർത്തപ്പെടേണ്ടതുണ്ട്. ആയതിന് പട്ടികജാതി,പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ, സ്കൂൾ കുട്ടികൾക്ക് കായിക പരിശീലനം, സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം എന്നീ പദ്ധതികൾ ഏറ്റെടുത്ത്കൊണ്ട് ഈ ബജറ്റിൽ 47,35,000/- (നാൽപത്തിയേഴ് ലക്ഷത്തി മുപ്പത്തി അയ്യായിരം രൂപ മാത്രം) രൂപ വകയിരുത്തുന്നു.

## ആരോഗ്യ മേഖല

ജീവിക്കുന്ന സാഹചര്യം പൊതുവിൽ വ്യക്തികളുടെ ആരോഗ്യവും ജീവിതത്തിന്റെ ഗുണനിലവാരം (ക്വാളിറ്റി ഓഫ് ലൈഫ്) നിർണ്ണയിക്കുന്നതിലും പരമപ്രധാനമാണ്. വൈദ്യശാസ്ത്രത്തിന്റെ പ്രയോഗത്തിലൂടെ മാത്രമല്ല, ജീവിതരീതിയുടെ തിരഞ്ഞെടുപ്പിലൂടെയും മെച്ചപ്പെട്ട പരിസ്ഥിതിയുമാണ് ആരോഗ്യവും മൂല്യവും വർദ്ധിപ്പിക്കുന്നത് എന്നത് കൂടുതൽ സ്വീകാര്യമാവുകയാണ്.

ആരോഗ്യം നിർണ്ണയിക്കുന്ന പ്രധാന ഘടകങ്ങൾ സാമൂഹികവും സാമ്പത്തികവുമായ അന്തരീക്ഷം, ആരോഗ്യസേവനങ്ങളുടെ ലഭ്യത, വികസനം, ഭൗതികമായ ചുറ്റുപാട്,

ആരോഗ്യകരമായ തൊഴിലിടങ്ങൾ, ജനങ്ങളുടെ ജീവിതശൈലി, ആരോഗ്യകരമായ ആഹാരം, ശുചിത്വം, ലിംഗസമത്വം തുടങ്ങി ജെൻഡറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, മെച്ചപ്പെട്ട മാനസികാവസ്ഥ, മലിനീകരണത്തിന്റെ തോത് തുടങ്ങിയവ ആണെന്നാണ് ലോകാരോഗ്യ സംഘടനയുടെ നിലപാട്.

ആരോഗ്യമുള്ള ജനതയാണ് നാടിൻറെ നട്ടെല്ലെന്ന് പറയുന്നത്. നിലവിലെ ജീവിത സാഹചര്യത്തിൽ ആരോഗ്യമേഖലയിലെ ഏറ്റവും വലിയ വെല്ലുവിളി ജീവിത ശൈലീ രോഗങ്ങളാണ്. ജീവിത ശൈലീ രോഗ നിയന്ത്രണമാണ് നമുക്ക് ഉള്ള മാർഗ്ഗം .അതിന് അനുസൃതമായി നമ്മുടെ ഗ്രാമത്തിലെ കുടുംബാരോഗ്യ കേന്ദ്രവും മറ്റ് ആരോഗ്യ സ്ഥാപനങ്ങളും സബ് സെന്ററുകളും ഉയരേണ്ടതുണ്ട്. ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ മൂന്ന് സബ് സെന്ററുകളുടെ നിർമ്മാണത്തിനായി തുക ലഭ്യമായിട്ടുണ്ടെങ്കിലും ഒരു സ്ഥാപനത്തിന്റെ പ്രവർത്തനം മാത്രം ആരംഭിക്കാൻ സാധിച്ചിട്ടുള്ളൂ. ആരോഗ്യ മേഖലയിലെ പെയിൻ ആന്റ് പാലിയേറ്റീവ്,മരുന്നുകൾ,ജീവിത ശൈലി രോഗ നിയന്ത്രണങ്ങൾ,ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യ പരിചരണം,ആർദ്രം മിഷൻ തുടങ്ങിയ പദ്ധതികൾക്കും ആയുർവേദം,ഹോമിയോ വിഭാഗത്തിനുമായി 8500000/- ( എൺപത്തിയഞ്ച് ലക്ഷം രൂപ മാത്രം) രൂപ വകയിരുത്തുന്നു.

## കുടിവെള്ളം

ജീവൻറെ ഉറവിടം ജലമാണ്. ജീവൻറെ നിലനിൽപ്പിനു ആധാരവും ജലമാണ്. കുടിക്കാനും ഗാർഹിക ആവശ്യങ്ങൾക്കും മാത്രമല്ല കാർഷിക-വ്യാവസായിക്കവശ്യങ്ങൾക്കും വൈദ്യുതി ഉല്പ്പാദനത്തിനും എല്ലാം വെള്ളം വേണം. മണ്ണിലാണ് വെള്ളം ശേഖരിക്കപ്പെടുന്നതും സംരക്ഷിക്കപ്പെടുന്നതും എന്നതിനാൽ മണ്ണും മണ്ണിനെ മണ്ണാക്കി നിർത്തുന്നത് ജൈവവസ്തുക്കളാകയാൽ ജൈവവസ്തുക്കളും സംരക്ഷിച്ചുകൊണ്ടേ ജലത്തെ സംരക്ഷിക്കാനാവൂ. ഇവയെല്ലാം പ്രകൃതിയിൽ പരസ്പര ബന്ധിതമായി നിലനിൽക്കുന്നു.

ലോകത്ത് ഇനിയോരു മഹാ യുദ്ധം ഉണ്ടാകുന്നത് കുടിവെള്ളത്തിനായിരിക്കും എന്നാണ് ലോകാരോഗ്യ സംഘടനയുടെ മുന്നറിയിപ്പ്. അത്രയും ജീവൽപരമായ പ്രാധാന്യമാണ് കുടിവെള്ളത്തിനും അതിൻറെ സംരക്ഷണത്തിനും ഉള്ളത്. നമ്മുടെ ഗ്രാമത്തിന് കുടിവെള്ളം നൽകുന്ന പുഴകളും തോടുകളും നീർച്ചാലുകളും നിർബന്ധമായും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അത് ഒരു സംസ്കാരത്തിൻറെ ഭാഗമാകണം. എല്ലാ നാഗരിക സംസ്കാരങ്ങളും ഉടലെടുത്തിട്ടുള്ളത് ഏതെങ്കിലും നദീയുടെ തീരങ്ങളിലായിരിക്കും. നമുക്കും ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്. ആയതിനായി സെന്ട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഫണ്ട് ലഭ്യമാക്കി പദ്ധതികൾ രൂപീകരിക്കേണ്ടതുണ്ട്.

## സാമൂഹിക ക്ഷേമം

മനുഷ്യൻ ഒരു സാമൂഹിക ജീവിയാണ്. സഹ ജീവികളോട് കരുണയും, അനുകമ്പയും കാണിക്കുക എന്നത് അവൻറെ കടമയായും, സാമൂഹിക പ്രതിബദ്ധതയായും കരുതുന്നവരാണ്. അതുകൊണ്ട് തന്നെ സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യം വെച്ച് കൊണ്ട് മാത്രമേ ജനകീയമായി ചിന്തിക്കുന്ന ഭരണാധികാരികൾക്ക് മുന്നോട്ട് പോകാൻ കഴിയൂ. അതുകൊണ്ടാണ് കേരള സർക്കാർ വാതിൽപ്പടി സേവനം, അതിദാരിദ്ര്യനിർമ്മാർജ്ജനം എന്നീ

പദ്ധതികൾക്ക് രൂപം നൽകിയിട്ടുള്ളത്. നമ്മുടെ ഗ്രാമത്തിലും അതി ദാരിദ്യം അനുഭവിക്കുന്ന 36 പേരുണ്ടെന്നത് വേദനാജനകമാണ്. അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള മൈക്രോ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ആയതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. എല്ലാവർക്കും സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്നതും, വീടുകളിൽ ഒറ്റപ്പെട്ട് കഴിയുന്നവർക്കുള്ള സേവനം അവരുടെ അടുത്ത് ചെന്ന് നൽകുന്ന പദ്ധതിയായ വാതിൽപ്പടി സേവനം നമ്മുടെ പഞ്ചായത്തിലും നടപ്പാക്കിവരുന്നുണ്ട്. ഭിന്ന ശേഷിക്കാരായവരും, വൃദ്ധാജനവിഭാഗങ്ങളും ഉൾപ്പെടുന്നവരുടെ ക്ഷേമം മുൻനിർത്തി വിവിധ പദ്ധതികളാണ് നടപ്പാക്കുന്നത്. അതിനായി 22,00,000 (ഇരുപത്തി രണ്ട് ലക്ഷം രൂപ മാത്രം) രൂപ വകയിരുത്തുന്നു.

## വനിതാ വികസനം

സ്ത്രീ ശാക്തീകരണത്തിന് ലോകത്തിന് ഉത്തമ മാതൃകകൾ സൃഷ്ടിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. ലോക പ്രശസ്തമായ കേരള മോഡൽ സ്ത്രീ ശാക്തീകരണത്തിൽ ഊന്നിയുള്ളതാണ്. വനിതകളുടെ ശാരീരികവും, മാനസികവും, സാമ്പത്തികവുമായ ഉന്നമനമാണ് ഈ ബജറ്റ് ലക്ഷ്യം വെക്കുന്നത്. ഭൂരിഭാഗം കുടുംബങ്ങളിലും കുടുംബ ബജറ്റ് നിയന്ത്രിക്കുന്നത് സ്ത്രീകളായിരിക്കും. വനിതകളുടെ സാമ്പത്തിക ഉന്നതി കുടുംബങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് വളരെയധികം സഹായിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ വനിതകളുടെ ശാരീരികവും, മാനസികവും, സാമ്പത്തികവുമായ ഉന്നമനത്തിനായി ഈ ബജറ്റിൽ 30,06,000/- (മുപത് ലക്ഷത്തി ആറായിരം രൂപ മാത്രം) രൂപ വകയിരുത്തുന്നു.

## പട്ടിക വർഗ്ഗ വികസനം

അവസാനത്തെ ദുർബലനെയും ലക്ഷ്യം വെച്ചുകൊണ്ടുള്ള പദ്ധതി രൂപീകരണമാണ് ജനാധിപത്യത്തിൻറെ വിജയം. അതുകൊണ്ട് തന്നെ സാമൂഹികമായി പിന്നാക്കം നിൽക്കുന്ന ജന വിഭാഗമായ പട്ടിക വർഗ്ഗക്കാരുടെ സാമ്പത്തികവും, സാമൂഹികവുമായ ഉന്നമനം ലക്ഷ്യം വച്ച് കൊണ്ടുള്ള ബജറ്റിനാണ് രൂപം നൽകിയിട്ടുള്ളത്. പട്ടിക വർഗ്ഗക്കാരുടെ വികസനം ലക്ഷ്യം വെച്ച്കൊണ്ടുള്ള വിവിധ പദ്ധതികൾക്കായി 1,14,54,000 (ഒരുകോടി പതിനാല് ലക്ഷത്തി അമ്പത്തിനാലായിരം) രൂപ വകയിരുത്തുന്നു.

## പട്ടികജാതി വികസനം

സാമൂഹികമായി പിന്നാക്കം നിൽക്കുന്ന മറ്റൊരു ജന വിഭാഗമാണ് പട്ടികജാതി വിഭാഗം. ഈ ജന വിഭാഗങ്ങളുടെ സാമ്പത്തികവും, സാമൂഹികവും, വിദ്യാഭ്യാസപരവുമായ ഉന്നമനം ലക്ഷ്യം വെച്ച് കൊണ്ടുള്ള വിവിധ പദ്ധതികൾക്കായി 44,92,000 (നാൽപത്തി നാല് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരം) രൂപ വകയിരുത്തുന്നു.

## ശുചിത്വം/മാലിന്യ സംസ്കരണം

ഗ്രാമപഞ്ചായത്തിൻറെ അനിവാര്യ ചുമതലകളിൽ ഒന്നാണ് മാലിന്യ സംസ്കരണം .മാലിന്യങ്ങൾ സംസ്കരിക്കാൻ ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കാൻ സഹായിക്കുക എന്നത് ഗ്രാമപഞ്ചായത്തിൻറെ ചുമതലയാണ്. ഗ്രാമപഞ്ചായത്ത് രൂപീകരിച്ചിട്ടുള്ള ഹരിതകർമ്മസേന

മുഖേന അജൈവ മാലിന്യങ്ങൾ വീടുകളിൽനിന്നും ശേഖരിക്കുന്നതിന് കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഉറവിടമാലിന്യ സംസ്കരണത്തിന് മുൻകാലങ്ങളിൽ നടപ്പാക്കിയ പദ്ധതികൾ പൂർവ്വാധികം ശക്തമായി തുടരേണ്ടതുണ്ട്. അവനവൻ ഉൽപാദിപ്പിക്കുന്ന മാലിന്യങ്ങളുടെ ഉത്തരവാദിത്വം അവനവന് തന്നെയാണെന്ന ബോധത്തോടെയുള്ള ഒരു മാലിന്യ സംസ്കരണ സംസ്കാരം ഉണ്ടാക്കിയെടുക്കുന്നതിന് ശക്തമായ ഇടപെടലുകൾ ഉണ്ടാകണം. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും, അജൈവ മാലിന്യങ്ങൾ കൃത്യമായി ഹരിതകർമ്മ സേനക്ക് കൈമാറുകയും ചെയ്യുന്നതിലൂടെ നമ്മുടെ ഗ്രാമവും ശുചിത്വ ഗ്രാമമായി മാറുന്നതിന് സാധിക്കും. ഇത്തരം പ്രവർത്തനങ്ങൾക്ക് ഉൾപ്പടെ 17,00,000 (പതിനേഴ് ലക്ഷം രൂപ വകയിരുത്തുന്നു. കൂടാതെ സെന്ട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഫണ്ട് ലഭ്യമാക്കി പദ്ധതികൾ രൂപീകരിക്കേണ്ടതുണ്ട്.

## മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

കുന്നുകൾ ഇടിച്ചുനിരത്തിയും പാടങ്ങൾ നികത്തിയും അശാസ്ത്രീയവും പരിസ്ഥിതി വിരുദ്ധവുമായ വികസന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടും നശിപ്പിക്കാനുള്ളതല്ല നമ്മുടെ ഭൂമി അത്തരം പ്രവർത്തനങ്ങൾ നടത്തുന്നത് കൊണ്ട് രൂക്ഷമായ വരൾച്ചയാണ് ഇനി നാം പ്രതീക്ഷിക്കേണ്ടത്. ഭൂഗർഭജലവിതാനം ഉയർത്തേണ്ട നടപടികൾ അടിയന്തിരമായി നാം ചെയ്യേണ്ടതുണ്ട്. മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുക എന്നത് നമ്മുടെ കടമയാണ്. മഹാത്മ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഈ വർഷം നമ്മൾ ലക്ഷ്യം വെച്ച 198258 തൊഴിൽ ദിനങ്ങളിൽ ഇതുവരെ 168959 തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. 1043 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞു. ഇതിൽ 431 കുടുംബങ്ങൾ പട്ടിക വർഗ്ഗ വിഭാഗത്തിലെ കുടുംബങ്ങളാണ്. നമ്മുടെ ശരാശരി തൊഴിൽ ദിനങ്ങൾ 83.6 ആണ്. പട്ടികവർഗ്ഗ വിഭാഗത്തിൽ ഇത് 99.95 ആണ്. ഇതിലൂടെ കാപ്പി തൈ നഴ്സറി, വ്യക്തിഗത ആനുകൂല്യങ്ങളായ തൊഴുത്ത്, ആട്ടിൻ കൂട്, കോഴിക്കൂട്, അസോള ടാങ്ക് കുളം നിർമ്മാണം, കമ്പോസ്റ്റ്, ഫാം പോണ്ടുകൾ എന്നിവയും തീറ്റപ്പുൽ കൃഷി, ലൈഫ്, പി.എം.എ.വൈ പദ്ധതികളിലെ ഭവന നിർമ്മാണം സോക്ക് പിറ്റ് നിർമ്മാണം, വിവിധ വാർഡുകളിലായി നടപ്പാതകളുടെ കോൺക്രീറ്റ് എന്നീ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. 2025–26 വർഷത്തെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ മഹാത്മാ പുരസ്കാരം ലഭിക്കുകയും ആയതിനായി പ്രവർത്തിച്ച എല്ലാ ജീവനക്കാരെയും ഈ അവസരത്തിൽ ഞാൻ അഭിനന്ദിക്കുകയുമാണ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പൂർണ്ണമായും ഉപയോഗിക്കാൻ നമുക്ക് സാധിച്ചിട്ടില്ല എന്നത് സ്വയം വിമർശന പരമായി നാം ഏറ്റെടുക്കുന്ന വിഷയമാണ്. അവിദഗ്ധ കൂലിയിനത്തിൽ നൽകുന്ന തുകയുടെ 40% സാധന ഘടകമായി ഉപയോഗിച്ച് പഞ്ചായത്തിന്റെ അടിസ്ഥാന മേഖലയിൽ വൻ മുന്നേറ്റം സൃഷ്ടിക്കാൻ സാധിക്കുന്നതാണ്. എന്നാൽ ആയത് വേണ്ടവിധം നമുക്ക് ഉപയോഗിക്കാൻ സാധിച്ചിട്ടില്ല. 2025–26 വർഷം 40% ഫണ്ട് പൂർണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. 2018 ലെ പ്രളയത്തിൽ തകർന്ന കല്ലൂർ പാലവും അപ്രോച്ച് റോഡും പുനർ നിർമ്മിക്കാനായത് വലിയ നേട്ടമായി കാണുകയാണ്. ഗ്രാമീണ റോഡുകൾ, ഓവുചാലുകൾ, അംഗൻവാടി കെട്ടിട നിർമ്മാണം, സ്കൂളുകൾക്ക് പാചകപ്പുര നിർമ്മാണം, പഞ്ചായത്തിലെ

പൊതുശ്മശാനത്തിന് പുതിയ കെട്ടിട നിർമ്മാണം,പുതിയ പഞ്ചായത്ത് കെട്ടിടത്തിന് മുകളിൽ ഹാൾ നിർമ്മാണം തുടങ്ങി വ്യത്യസ്തമായ പദ്ധതികളാണ് ഏറ്റെടുക്കുന്നത്.

അടുത്ത സാമ്പത്തിക വർഷത്തിൽ 190000 (ഒരുലക്ഷത്തി തൊണ്ണൂറായിരം) തൊഴിൽ ദിനങ്ങൾ ലക്ഷ്യം വെക്കുന്നു. ഇത് നടപ്പാക്കുന്നതിനായി 100000000/-(പത്ത് കോടി ) രൂപ വകയിരുത്തുന്നു.

## അടിസ്ഥാന സൌകര്യ വികസനം

ഒരു നാടിൻറെ വികസനം അനുഭവവേദ്യം ആകുന്നത് ആ നാട്ടിലെ റോഡുകളുടെയും നടപ്പാതകളുടെയും പൂർത്തീകരണത്തിലൂടെയാണ്. ജനങ്ങളുടെ പ്രാഥമികമായ ആവശ്യങ്ങളിലൊന്ന് റോഡുകളുടെയും നടപ്പാതകളുടെയും വികസനമാണ്. ഗതാഗത യോഗ്യമായ റോഡുകളുടെ നിർമ്മാണത്തിലൂടെയും, അഭിവൃദ്ധിപ്പെടുത്തലുകളിലൂടെയും ഗ്രാമത്തിൻറെ മുഖച്ഛായ മാറ്റുന്നതിന് സാധിക്കും. ഇത്തരം പദ്ധതികൾക്കായി 1,42,66,000 (ഒരു കോടി നാൽപത്തിരണ്ട് ലക്ഷത്തി അറുപത്തിആറായിരം) രൂപ വകയിരുത്തുന്നു.

ഏതൊരു സ്ഥാപനത്തിൻറേയും കാര്യക്ഷമത അളക്കുന്നത് അത് പൊതുജനങ്ങൾക്ക് നൽകുന്ന സമയബന്ധിതവും ഗുണമേൻമയുമുള്ള സേവനങ്ങളിലൂടെയാണ്. പഞ്ചായത്തിൽ നിക്ഷിപ്തമായ ഉത്തരവാദിത്വവും കടമകളും പൊതുജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമായനിലയിലും സമയബന്ധിതമായി നൽകുന്നതിന് നാം പ്രതിജ്ഞാബദ്ധമാണ്.

നമ്മുടെ പഞ്ചായത്തിൻറെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള ബജറ്റാണ് നിങ്ങളുടെ മുമ്പാകെ അവതരിപ്പിച്ചിരിക്കുന്നത്. സാമ്പത്തിക പരിമിതികളേയും വെല്ലുവിളികളേയും ഇച്ഛാശക്തികൊണ്ട് മറികടക്കുവാനും ഗ്രാമപഞ്ചായത്തിൻറെ സമഗ്ര വികസനത്തിന് ഊന്നൽ നൽകിയിട്ടുള്ളതുമായ നിർദ്ദേശങ്ങളാണ് അവതരിപ്പിച്ചിട്ടുള്ളത്. നിലവിലുള്ള അനുകൂല സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി ഗ്രാമപഞ്ചായത്തിൻറെ തനത് വരുമാനം വർദ്ധിപ്പിക്കുവാൻ സാധിച്ചാൽ ജനങ്ങൾക്ക് കൂടുതൽ ക്ഷേമകരമായ പദ്ധതികൾ നമുക്ക് ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ സാധിക്കും. ആയതിനുള്ള പ്രവർത്തനങ്ങൾ സാമ്പത്തികവർഷാരംഭത്തിൽ തന്നെ നാം ആരംഭിക്കുകയാണ്. ഭരണസമിതിയുടേയും നിർവ്വഹണ ഉദ്യോഗസ്ഥരുടേയും മുഴവൻ ഉദ്യോഗസ്ഥരുടേയും അകമഴിഞ്ഞതും ആത്മാർത്ഥയുമായ സഹകരണം ഇക്കാര്യത്തിൽ ആവശ്യമാണ്.

ഓരോ ഗ്രാമത്തിനും അതിൻറേതായ തനത് ദേശീയതയും ചരിത്രവുമുണ്ട്. ഇത്തരത്തിലുള്ള ഒരുനൂറായിരം പ്രാദേശിക ദേശീയതയാണ് നമ്മുടെ രാഷ്ട്ര ദേശീയത ഉണ്ടാക്കിയെടുത്തിട്ടുള്ളത്. ഒന്നര നൂറ്റാണ്ടുകാലം നമ്മുടെ രാജ്യത്തിലെ ജനത ഒരുമാലയിലെ പൂക്കൾപോലെ ഒന്നിച്ചു നടത്തിയ ഇതിഹാസ തുല്യമായ സമരപോരാട്ടത്തിലൂടെ രൂപപ്പെടുത്തിയതാണ് നമ്മുടെ ദേശീയത. ഇങ്ങനെ നമ്മുടെ സ്വാതന്ത്ര്യസമര സേനാനികളുടെ സ്വപ്നങ്ങളിൽ നെയ്തെടുത്തതാണ് നമ്മുടെ ഭരണഘടന. ഇത് ദുർബ്ബലപ്പെടുമ്പോൾ രാജ്യം അസ്ഥിരമാവും. സാമ്പത്തിക പുരോഗതി സാമൂഹ്യ സുരക്ഷിതത്വത്തിൽ അധിഷ്ഠിതമാണ്. വൈവിധ്യങ്ങളേയും വൈരുദ്ധ്യങ്ങളേയും സർഗാത്മകമായി ഉൾകൊണ്ട നാടാണ് നമ്മുടേത്. ഇവിടെ വിഭജനത്തിൻറേയും വിദ്വേഷത്തിൻറേയും നിലപാടുകൾ നമ്മുടെ ജനാധിപത്യത്തെ ഇല്ലാതാക്കും. അത്തരം പ്രതിലോമ ശക്തികൾക്ക് എതിരെയുള്ള സമര പ്രഖ്യാപനങ്ങളാണ് കേരളം നടപ്പാക്കുന്ന ജനകീയ ബദൽ നയങ്ങൾ. അതിന് ശക്തി പകരാനാവട്ടേ നമ്മുടെ ഓരോരുത്തരുടേയും പ്രയത്നങ്ങൾ.

ഈ അദമ്യമായ പ്രതീക്ഷയിൽ ഗ്രാമപഞ്ചായത്തിൻറെയും ജനങ്ങളുടേയും വികസനത്തിനും പുരോഗതിക്കും കൂടുതൽ ഊർജം പകരാനുതകുന്ന 2026-27 വർഷത്തേക്കുള്ള ബജറ്റ് നിർദ്ദേശങ്ങൾ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

(ഒപ്പ്)

സുധ അനിൽ

ചെയർമാൻ

ധനകാര്യ **സ്റ്റാൻറിംഗ് കമ്മിറ്റി**

| | |
|---|---|
| **(plan)** | |
| പ്രാരംഭ ബാക്കി-(പ്ലാൻ) 2025-26 വർഷത്തെ കെ സ്മാർട്ട് ബഡ്ജറ്റിൽ വരാത്ത പ്രൊജക്ടുകൾക്കായി തുക നീക്കി വെച്ചത് | 35530625 |
| വരവ് (2026-27) | 376981808 |
| **ആകെ** | **412512433** |
| ചെലവ് | 174372975 |
| 2026-27 പദ്ധതിക്ക് ചെലവഴിക്കാനുള്ള തുക നീക്കി വെച്ചത് | 202608833 |
| ആകെ നീക്കിവെച്ച തുക | **238139458** |
| | |
| **(non plan)** | |
| | |
| മുൻ ബാക്കി | 2344064 |
| വരവ് | 30350000 |
| ആകെ | 32694064 |
| ചെലവ് | 27232500 |
| **നീക്കി ബാക്കി** | **5461564** |

| **സംക്ഷിപ്തം** | |
|---|---|
| **വരവ് ഒട്ടാകെ** | **445206497** |
| **ചെലവ് ഒട്ടാകെ** | **439744933** |
| **നീക്കി ബാക്കി** | **5461564** |